**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - കോട്ടയം ജില്ല — ചിറക്കടവ് ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. കെ.വി. പത്മനാഭനെതിരെ സ്വീകരിച്ച അച്ചടക്ക നടപടി തീർപ്പാക്കി — ഉത്തരവ് പുറപ്പെടുവിക്കുന്നു.

====================================================================

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.2039/2018/തസ്വഭവ തീയതി, തിരുവനന്തപുരം, 26.07.2018

====================================================================

പരാമർശം: 1. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 31.01.2014-ലെ ഇ 5-എസ് സി 33/13/കെടിഎം/30469/2013 നമ്പർ റിപ്പോർട്ട്

2. വിജിലൻസ് (ഡി) വകുപ്പിന്റെ 07.03.2014-ലെ 1977/ഡി3/2014/വിജി. നമ്പർ കത്ത്
3. സർക്കാരിന്റെ 02.06.2014-ലെ 27137/ഇപിബി2/2014/തസ്വഭവ നമ്പർ കുറ്റപത്രം
4. ശ്രീ. കെ.വി. പത്മനാഭൻ സമർപ്പിച്ച 11.09.2014 തീയതിയിലെ പ്രതിവാദ പത്രിക
5. പഞ്ചായത്ത് ഡയറക്ടറുടെ 20.07.2017-ലെ ഡി5-24919/2014 നമ്പർ കത്ത്

**ഉത്തരവ്**

കോട്ടയം ജില്ലയിലെ ചിറക്കടവ് ഗ്രാമപഞ്ചായത്തിൽ പൊൻകുന്നം കെ.എസ്.ഇ.ബി. ഓഫീസിന് എതിർവശത്തായി ശ്രീ. എ.റ്റി. ജോസഫ് എന്നയാളുടെ പേരിലുള്ള കെട്ടിടത്തിന് നമ്പർ നൽകിയതുമായി ബന്ധപ്പെട്ട് ക്രമക്കേടുകൾ നടന്നുവെന്ന ആരോപണത്തിന്റെ അടിസ്ഥാനത്തിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ചിറക്കടവ് ഗ്രാമപഞ്ചായത്തിൽ അന്വേഷണം നടത്തി പരാമർശം (1) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചു. തുടർന്ന് ടി ക്രമക്കേടുകൾക്കുത്തരവാദിയായ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. കെ.വി. പത്മനാഭന് പരാമർശം (3) പ്രകാരം ലഘുശിക്ഷയ്ക്കുള്ള കുറ്റപത്രം നൽകി അച്ചടക്ക നടപടി ആരംഭിച്ചു. കുറ്റപത്രത്തിന് ശ്രീ. കെ.വി. പത്മനാഭൻ പരാമർശം (4) പ്രകാരം സമർപ്പിച്ച പ്രതിവാദ പത്രികയിന്മേൽ പഞ്ചായത്ത് ഡയറക്ടർ പരാമർശം (5) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്.

അപേക്ഷകനായ ശ്രീ. എ.റ്റി. ജോസഫ് സമർപ്പിച്ച കെട്ടിട നമ്പറിനായുള്ള അപേക്ഷ ബന്ധപ്പെട്ട ഓവർസീയർ പരിശോധിച്ച് പോരായ്മകൾ ഇല്ലായെന്ന് റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിലും, നമ്പർ നൽകാം എന്ന ഫീൽഡ് സ്റ്റാഫിന്റെ ശുപാർശയുടെ അടിസ്ഥാനത്തിലുമാണ് സെല്ലാർ, ഗ്രൗണ്ട് ഫ്ലോർ എന്നിവയ്ക്ക് സെക്രട്ടറി നമ്പർ നൽകിയതെന്നും, ബന്ധപ്പെട്ട രേഖകൾ പരിശോധിച്ച് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ സെക്രട്ടറിയുടെ നടപടി സാധൂകരിക്കാവുന്നതാണെന്നും വിജിലൻസ് റിപ്പോർട്ടിൽ ശേഷിക്കുന്ന

ഭാഗത്തിന് പെർമിറ്റും നമ്പറും നൽകുമ്പോൾ ആവശ്യമായ സെറ്റ്ബാക്ക് ഉണ്ടോ എന്ന് പരിശോധിച്ച് മാത്രമേ നൽകാവൂ എന്ന് നിർദ്ദേശിച്ചിരുന്നുവെന്നും അതനുസരിച്ച് ടി കെട്ടിടം ക്രമവൽക്കരിക്കുവാൻ കഴിയില്ലെന്ന് അപേക്ഷകനെ അറിയിച്ചിട്ടുള്ളതാണെന്നും ടി അനധികൃത ഭാഗങ്ങൾ പൊളിച്ചുമാറ്റുന്നതിന് കേരള പഞ്ചായത്ത് രാജ് ചട്ടം 235 (w) പ്രകാരം നടപടി സ്വീകരിച്ചു വരുന്നതായും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം ശ്രീ. കെ.വി. പത്മനാഭൻ സമർപ്പിച്ച പ്രതിവാദ പത്രികയുടെയും പഞ്ചായത്ത് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. സാങ്കേതിക വിഭാഗം നൽകുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിക്കുക എന്നതാണ് പഞ്ചായത്ത് സെക്രട്ടറിയുടെ ചുമതല. ടി റിപ്പോർട്ട് counter check ചെയ്യാനുള്ള സാങ്കേതിക പരിജ്ഞാനം സെക്രട്ടറിയ്ക്ക് ഉണ്ടാകണമെന്നില്ല. വിജിലൻസ് വകുപ്പ് അംഗീകരിച്ചിട്ടുള്ള ക്രമക്കേടുകളെല്ലാം ഓവർസീയർ ഫീൽഡ് ഇൻസ്പെക്ഷൻ നടത്തിയതുമായി ബന്ധപ്പെട്ടാണ് എന്ന് കാണുന്നു. ടി റിപ്പോർട്ടിൽ ഒരു ഭാഗത്തും സെക്രട്ടറിയുടെ ഭാഗത്തുനിന്നുണ്ടായ വീഴ്ച പ്രത്യേകമായി പരാമർശിച്ചു കാണുന്നില്ല. ആയതിനാൽ പഞ്ചായത്ത് ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ശ്രീ. കെ.വി. പത്മനാഭനെ കുറ്റവിമുക്തനാക്കി അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു. പഞ്ചായത്ത് ഡയറക്ടർ ഇക്കാര്യത്തിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**എസ്. മോഹൻദാസ്**
അഡീഷണൽ സെക്രട്ടറി

1. ശ്രീ. കെ.വി. പത്മനാഭൻ, മുൻ സെക്രട്ടറി, ചിറക്കടവ് ഗ്രാമപഞ്ചായത്ത്, കോട്ടയം (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)
2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
3. ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
5. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം
6. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
7. വിജിലൻസ് വകുപ്പ് (യു.ഒ റിമാർക്സ് നം.വിജി-ഡി4/95/2018-വിജി. തീയതി 06.03.2018 പ്രകാരം)
8. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
9. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി2/64/2015/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ